# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3097.

13-03-2017 ൽ മറുപടിയ്ക്ക്

## കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

**ചോദ്യം**
ശ്രീ.അൻവർ സാദത്ത്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കായംകുളം കായലിൽ നിന്നും ഓരുവെള്ളം കയറി ഹരിപ്പാട് നിയോജക മണ്ഡലത്തിലെയും, കുട്ടനാട് നിയോജക മണ്ഡലത്തിലെയും നെൽകൃഷിക്ക് നാശനഷ്ടം ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം കായലിൽ നിന്നും ഓരുവെള്ളം കയറി ഹരിപ്പാട് നിയോജക മണ്ഡലത്തിലെയും, കുട്ടനാട് നിയോജക മണ്ഡലത്തിലെയും 2800 ഹെക്ടർ നെൽകൃഷി നാശം സംഭവിച്ചിട്ടുണ്ട്. |
| (ബി) | എത്ര ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 1250 ലക്ഷം രൂപയുടെ കൃഷി നാശം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. |
| (സി) | കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കൃഷി നാശം സംഭവിച്ച കർഷകരിൽനിന്നും നഷ്ടപരിഹാരത്തിനായി കൃഷി ഭവൻ മുഖേന അപേക്ഷ സ്വീകരിച്ച് വരുന്നു. അസസ്സ്മെന്റ് പൂർത്തിയായ ഉടനെ തന്നെ നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ